# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുടയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1517/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുടയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-1517/2022 തീയ്യതി: 04/01/2023

## ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2021 മുതൽ 21-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2022 | 30-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2022 | 30-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ.പി.സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉഷ വിജയൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സുശീല.കെ.എൻ | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ.ബിജോ.പി.ജോസഫ് | സെക്രട്ടറി | 05-07-2021 | 26-10-2021 |
| ശ്രീമതി.യമുന.പി.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-10-2021 | 03-11-2021 |
| ശ്രീമതി.പ്രിയ.കെ.എസ് | സെക്രട്ടറി | 04-11-2021 | 16-11-2021 |
| ശ്രീമതി.യമുന.പി.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-11-2021 | 14-12-2021 |
| ശ്രീമതി.പ്രിയ.കെ.എസ് | സെക്രട്ടറി | 15-12-2021 | 23-02-2022 |
| ശ്രീമതി.യമുന.പി.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-02-2022 | 07-03-2022 |
| ശ്രീ.കെ.ജെ.കൃഷ്ണകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശ്രീകുമാർ.ജി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആഷ്ലി മറിയാമ്മ ജോർജ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ആൽബർട്ട്.ജെ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.മുരളികൃഷ്ണ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.കലാദേവി.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ലാലി മാത്യൂ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 07-11-2021 |
| ശ്രീമതി.മരിയ ജോർജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 08-11-2021 | 31-03-2022 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ. ജെ | ഫിഷറീസ്എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-07-2021 |
| ശ്രീ.കണ്ണൻ.പി | ഫിഷറീസ്എക്സ്റ്റെൻഷൻ ഓഫീസർ | 01-08-2021 | 14-09-2021 |
| ശ്രീ.സനിത് കുമാർ എൻ.റ്റി. | ഫിഷറീസ്എക്സ്റ്റെൻഷൻ ഓഫീസർ | 15-09-2021 | 31-03-2022 |
| ശ്രീമതി.അംബിക.ജി | വി.ഇ.ഒ. (കാഞ്ഞാർ സർക്കിൾ) | 01-04-2021 | 10-08-2021 |
| ശ്രീമതി.സബിത കെ.എം | വി.ഇ.ഒ. (കാഞ്ഞാർ സർക്കിൾ) | 11-08-2021 | 03-10-2021 |
| ശ്രീമതി.രേഖമോൾ കെ.എ | വി.ഇ.ഒ. (കാഞ്ഞാർ സർക്കിൾ) | 04-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സബിത കെ.എം. | വി.ഇ.ഒ. (കുടയത്തൂർ സർക്കിൾ) | 01-04-2021 | 03-10-2021 |
| ശ്രീമതി.രേഖമോൾ കെ.എ | വി.ഇ.ഒ. (കുടയത്തൂർ സർക്കിൾ) | 04-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ആശങ്കാജനകം | 1-10 |
| 11 | വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് | 1-12 |
| 13 | മുറിച്ചുനീക്കിയ തടികൾ ലേലം ചെയ്ത് നൽകിയിട്ടില്ല | 1-13 |
| 14 | വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ വെള്ളക്കരം ഡിമാന്റിൽ കുറവ് ചെയ്യാതെ തുടർന്നും കുടിശ്ശികയായി ഉൾപ്പെടുത്തുന്നു | 1-14 |
| 15 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി | 1-16 |
| 17 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കു വരുത്താത്തത് | 1-17 |
| 18 | മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല | 1-18 |
| 19 | ഡെപ്പോസിറ്റ് വർക്ക്-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് ലഭിച്ചിട്ടില്ല | 1-20 |
| 21 | മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-21 |
| 22 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 1-22 |
| 23 | യാത്രാബത്ത അധികം നല്കി | 1-23 |
| 24 | അനർഹമായ കാലയളവിൽ ഗുണഭോക്താക്കൾക്ക് പെൻഷൻ ആനുകൂല്യം നൽകി | 1-24 |
| 25 | ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിച്ച ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല. | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 15.02.2021 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 24.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം (₹) | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| മുന്നിരിപ്പ് | 773886 | 825229 |
| വരവ് | 119228000 | 113628000 |
| ആകെ | 120001886 | 114453229 |
| ചെലവ് | 118988120 | 112288120 |
| നീക്കിയിരിപ്പ് | 1013766 | 2165109 |

ഗ്രാമ പഞ്ചായത്ത് പാസ്സാക്കുന്ന ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകൾ പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം ഉണ്ടായിരിക്കുന്നു. മുൻവർഷങ്ങളിലും ഈ വിഷയം ഓഡിറ്റിൽ സൂചിപ്പിച്ചിരുന്നതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവുള്ള സാഹചര്യത്തിൽ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാത്തതിനാൽ ബജറ്റ് പ്രകാരം വിഭാവനം ചെയ്യുന്ന പദ്ധതികൾ യഥാവിധി നിർവ്വഹണം നടത്തുവാൻ കഴിയാതെ വരുന്നുണ്ട്. വരവ് ചെലവ് കണക്കുകളിൽ ബജറ്റും വാർഷിക കണക്കുകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2021-22 ബജറ്റ് പ്രകാരം | 2021-22 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം | 2021-22 ലെ വാർഷിക കണക്ക് പ്രകാരം | ബജറ്റ് തുകയിൽ നിന്നുള്ള കുറവ്/ കൂടുതൽ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (4)-(5) |
| 1 | നികുതി വരുമാനം | 3350000 | 3350000 | 2362939 | 987061 |
| 2 | നികുതിയേതര വരുമാനം | 3250000 | 3250000 | 475797 | 2774203 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 6494000 | 6494000 | 6494000 | 0 |
| 4 | ആകെ തനത് വരുമാനം | 13094000 | 13094000 | 9332736 | 3761264 |
| 5 | ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 13280000 | 14280000 | 11990875 | 2289125 |
| 6 | ഭരണ ചെലവുകൾ | 1355000 | 1355000 | 375134 | 979866 |
| 7 | സംരക്ഷണവും നടത്തിപ്പും | 310000 | 310000 | 426195 | (-) 116195 |
| 8 | പലിശയും അനുബന്ധ ചെലവുകളും | 54500 | 54500 | 2203 | (-) 52297 |
| 9 | ആകെ അനിവാര്യ ചെലവുകൾ | 1,49,99,500 | 1,59,99,500 | 1,27,94,407 | 32,05,093 |

ബജറ്റ് തയ്യാറാക്കുമ്പോൾ നികുതി, നികുതിയേതര വരവുകളിൽപ്പോലും ഇത്രയും വലിയ വ്യത്യാസം ഉണ്ടാകുന്നത് സ്ഥാപനത്തിന്റെ ധനസ്ഥിതി പ്രത്യവലോകനം നടത്തി ഭരണ നിർവ്വഹണം നടത്തുവാൻ കഴിയാത്ത നിലയിലേക്ക് എത്തുന്ന സാഹചര്യം ഉണ്ടാകുന്നു. ഇത് അതീവ ഗൌരവമായി കാണേണ്ടതാണ്. സ്ഥാപനത്തിന്റെ അനിവാര്യ ചെലവുകൾക്ക് പോലും തനത് വരുമാനം മതിയാകാതെ വരുന്ന സാഹചര്യമാണ് കഴിഞ്ഞ വർഷങ്ങളിൽ കണ്ടുവരുന്നത്. വിടവ് നികത്തൽ ഫണ്ട് അനുവദിക്കുന്നതിനാലാണ് മിക്ക വർഷങ്ങളിലും സ്ഥാപനം ഭരണ നിർവ്വഹണം നടത്തുന്നത്. എന്നാൽ

ഇപ്രകാരം വിടവു നികത്തൽ ഫണ്ട് ലഭിച്ചാലും ജനങ്ങൾക്ക് ലഭിക്കേണ്ടതായ മിനിമം സേവനം ഉറപ്പാക്കുവാൻ പലപ്പോഴും ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണ സമിതിക്ക് കഴിയാതെ വരുന്നു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് ഇപ്രകാരമുള്ള അവസ്ഥ യാന്ത്രികമായ ഭരണ പ്രക്രിയയിലേക്ക് എത്തിക്കുന്നു. സ്ഥാപനത്തിന്റെ ഗുരുതരമായ ഈ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കി അതിന്മേലുള്ള ഫണ്ടിന്റെ വിടവ് സംബന്ധിച്ച് പുതിയ ധനാഗമ മാർഗ്ഗങ്ങൾ ആരായുകയോ ഇപ്രകാരമുള്ള ഗുരുതരമായ ഭരണ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുകയോ ചെയ്യേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 22.08.2022 | | |

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | അലോട്ട് മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 9064000 | | 8792343 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1732000 | | 1720644 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1055000 | | 870209 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 11774000 | | 10980002 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4853319 | | 4665908 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | | 0 | 4919938 | 4919938 | 2738615 | 2181323 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | | 0 | 3227796 | 3227796 | 2935403 | 292393 |
| സാക്ഷരത | | 3507 | 105 | 3612 | 0 | 3612 |
| ദുരിതാശ്വാസനിധി | | 12182 | 0 | 12182 | 0 | 12182 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9981330 | 9981330 | 9981330 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14127 | 1387058 | 1401185 | 1400333 | 852 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ്. | | 211424 | 385944 | 597368 | 374514 | 222854 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വ മിഷൻ | | 24419 | 130000 | 154419 | 130000 | 24419 |
| ജലനിധി | | 4037 | 110 | 4147 | 0 | 4147 |
| ഹരിയാലി | | 25125 | 575 | 25700 | 4037 | 21663 |
| സമ്പൂർണ്ണ ശുചിത്വം | | 518173 | 0 | 518173 | 130000 | 388173 |
| പകർച്ചവ്യാധി നിവാരണ ഫണ്ട് | | 500000 | 0 | 500000 | 228140 | 271860 |
| സമ്പൂർണ്ണ ശുചിത്വം | | 10371 | 0 | 10371 | 0 | 10371 |
| ഖരമാലിന്യ സംസ്കരണം | | 1921003 | 0 | 1921003 | 524685 | 1396318 |
| ഗുണഭോക്തൃവിഹിതം | | 270256 | 505734 | 775990 | 473188 | 302802 |
| സംസ്ഥാന സർക്കാർ അവാർഡ് തുക (Best Panchayat Award-District Level) | | 1520849 | 0 | 1520849 | 0 | 1520849 |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാന സർക്കാർ മറ്റ് ഗ്രാന്റ്- ആശ്രയ | | 16248 | 1102755 | 1119003 | 0 | 1119003 |
| മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം- ലൈഫ് മിഷൻ സംസ്ഥാന വിഹിതം | | 397592 | 340000 | 737592 | 390000 | 347592 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 297801 | 477000 | 774801 | 177000 | 597801 |
| | ജില്ലാ പഞ്ചായത്ത് | 1008819 | 0 | 1008819 | 0 | 1008819 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 6494000 | 6494000 | 6494000 | 0 |
| മറ്റിനം (വ്യക്തമല്ല) | | 652 | 0 | 652 | 0 | 652 |

കുറിപ്പ്

1) സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| വിഭാഗം | തുക (₹) |
|---|---|
| ജനറൽ | 2271412 |
| എസ്.സി.പി. | 164106 |
| ടി.എസ്.പി. | 142415 |

2) തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കിൽ സ്ഥാപനത്തിലെ ക്യാഷ് ബുക്ക്/രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 47745085 | 156 | 36145965 | 0 | 21 | 88.13 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 36 | 35 | 7724590 | 7385713 | 1 | 95.61 |
| 2. | അസിസ്റ്റന്റ് എൻജിനീയർ | 71 | 67 | 19100245 | 16633892 | 4 | 87.08 |
| 3. | വെറ്ററിനറി സർജൻ | 8 | 7 | 2818080 | 1989836 | 1 | 70.60 |
| 4. | കൃഷി ഓഫീസർ | 14 | 13 | 1765998 | 969592 | 1 | 54.90 |
| 5. | എം.ഒ., പി.എച്ച്.സി | 5 | 5 | 1397367 | 1374364 | 0 | 98.35 |
| 6. | ഐ.സി.ഡി.എസ്. | 10 | 6 | 3186638 | 2325644 | 4 | 72.98 |
| 7. | വി.ഇ.ഒ | 27 | 17 | 7848967 | 3184556 | 10 | 40.57 |
| 8. | ഫിഷറീസ് | 1 | 1 | 883200 | 63840 | | 7.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9. | ഹെഡ്മാസ്റ്റർ | 2 | 2 | 220000 | 213056 | | 96.84 |
| 10. | എം.ഒ., ആയുർവ്വേദം | 2 | 2 | 800000 | 800000 | 0 | 100 |
| 11. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 2000000 | 1205472 | 0 | 60.27 |
| | ആകെ | 177 | 156 | 47745085 | 36145965 | 21 | 75.70 |

ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 9312200 | 8792343 | 94.41 |
| | പട്ടിക ജാതി വിഭാഗം | 2203744 | 1720644 | 78 |
| | പട്ടിക വർഗ്ഗ വിഭാഗം | 1197415 | 870209 | 72.67 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8991734 | 5674018 | 63.10 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1128000 | 510514 | 45.25 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 2200446 | 741668 | 33.70 |
| തനത് ഫണ്ട് | | 30500 | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 780000 | 606999 | 7.78 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 250000 | 1051472 | 4.20 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 11774000 | 10980002 | 93.25 |
| | റോഡിതരം | 4853319 | 4665908 | 96.13 |
| മറ്റിനം | | 2373727 | 532188 | 22.41 |

ജില്ലാ ആസൂത്രണ സമിതിയുടെ 07/03/2022-ലെ 111/2021/DPC/DPO/IDK അന്തിമ ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 177 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ആയതിൽ 156 പ്രോജക്ടുകൾക്ക് തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹47745085/-ന്റെ 88.13% (₹36145965/-) മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ, ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്യുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ

ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തിയതായി മിനിട്സുകളിൽ കാണുന്നില്ല. ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റിയിട്ടില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14127 | 1387058 | 1401185 | 1400333 | 852 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9994605 | 9994605 | 9994605 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 75360 | 76 |
| കർഷക തൊഴിലാളി പെൻഷൻ | 916400 | 52 |
| വിധവാപെൻഷൻ | 5383000 | 345 |
| വാർദ്ധക്യകാല പെൻഷൻ | 17395900 | 1096 |
| വികലാംഗ പെൻഷൻ | 1900400 | 125 |
| അവിവാഹിതർക്കുള്ള പെൻഷൻ | 489600 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4135/- (നാലായിരത്തി ഒരുനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ

ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം 1 യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിരിക്കുന്നു.

1) വികസന ഫണ്ടിൽ നിന്നും നേരിട്ട് കിഴിവ് വരുത്തിയതും ജി.ഒ. പ്രോജക്ടായി ചെലവ് വന്നതുമായ തുകകൾ ₹2577933/- യുടെ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ജവഹർ ഭവന പദ്ധതി ലോൺ തുകയിൽ അവശേഷിക്കുന്ന ബാധ്യതയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ₹2070414/- ആണെങ്കിലും ലോൺ രജിസ്റ്റർ പ്രകാരം ₹ 2379289/- ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

3) ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ Advance To Implementing Officers എന്ന ശീർഷകത്തിൽ ₹170361/- ഉൾപ്പെടുത്തിയിരിക്കുന്നത് 2017-18 വർഷത്തെ നീക്കിയിരിപ്പ് തുകയാണ്. ടി തുകയുടെ വിശദാംശങ്ങൾ എന്താണെന്നും 2021-22 വർഷത്തെ ബാലൻസ് ഷീറ്റിൽ തുടരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമല്ല.

4) 2021-22 വർഷം മൂന്ന് പൊതുമരാമത്ത് പ്രവൃത്തികളിലായി ₹443034/- പാർട്ട് ബില്ല് നൽകിയിട്ടുണ്ടെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ B-11(b) Capital Work-in- Progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിൽ കുടിശ്ശികയായി ₹ 900431/- ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 2013-14 വർഷം മുതൽ കുടിശ്ശികയായി തുടരുന്ന തുകകളും ഉൾപ്പെട്ടിട്ടുണ്ട്. ₹ 865791/- യുടെ വസ്തു നികുതി കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുകയ്ക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement ൽ പ്രസ്തുത തുക ഐ- 16 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

6) ഐ.എൽ.ജി.എം.എസ്. ലെ ജേണൽ റിപ്പോർട്ട് പ്രകാരം 2021-22 വർഷം 620 ജേണൽ എൻട്രികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജേണൽ ഏൻട്രികൾക്ക് കൃത്യമായ ജേണൽ വൌച്ചർ സൂക്ഷിക്കണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ യഥേഷ്ടം ജേണൽ എൻട്രികൾ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ വർഷാരംഭത്തിൽ നിർബന്ധമായും ചെയ്യേണ്ടതായ ജേണൽ എൻട്രികൾ വർഷാവസാനമാണ് ചെയ്തിട്ടുള്ളത്.

7) ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ Grants, Funds & Contribution For Specific Purposes- Other Government Agencies എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുള്ള ₹ 477592/- എന്ന നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഈ ഇനത്തിൽ വരവ് വന്നതായി Receipt And Payment അക്കൌണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ₹ 340000/- ആണ്. എന്നാൽ ജേണൽ എൻട്രികൾ വഴി തെറ്റായ രേഖപ്പെടുത്തൽ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ₹ 470000/- വരവായി എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നീക്കിയിരിപ്പ് തുകയായി ₹ 477592/- തെറ്റായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുകയും ചെയ്തിരിക്കുന്നു.

8) Receipt And Payment (RP -7) അക്കൌണ്ടിൽ Development Fund- Central Finance Commission Grant- Performance Grant എന്ന ശീർഷകത്തിൽ ₹999860/- വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഏതെന്ന് വ്യക്തമല്ല. പ്രസ്തുത തുകയുടെ ചെലവ് വിവരവും നീക്കിയിരിപ്പ് വിവരവും ലഭ്യമല്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക വാർഷിക കണക്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

9) Receipt And Payment (RP -45) അക്കൌണ്ടിൽ Outdoor Collection Control Account എന്ന ശീർഷകത്തിൽ ₹191161/- ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ Outdoor Collection Control Account ലെഡ്ജറിൽ വർഷാവസാനം നീക്കിയിരിപ്പില്ല. വസ്തു നികുതിയിനത്തിൽ ഔട്ട് ഡോർ കളക്ഷൻ നടത്തുന്ന തുക ഐ.എൽ.ജി.എം.എസ്. ൽ ഓരോ രസീത് പ്രകാരം പ്രത്യേകമായി രേഖപ്പെടുത്തൽ വരുത്തുന്നതിന് പകരം ജേണൽ എൻട്രി വഴി തെറ്റായി രേഖപ്പെടുത്തൽ വരുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചിരിക്കുന്നത്.

10) വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും പൊരുത്തപ്പെടുന്നില്ല.

11) Income & Expenditure Statement (I-12) ൽ Expenses For Cutting Of Dangerous Trees എന്ന ശീർഷകത്തിൽ ₹35500/- ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുക ജേണൽ എൻട്രി വഴിയാണ് ചെലവായി

ഉൾപ്പെടുത്തിയരിക്കുന്നത്. Receipt And Payment അക്കൌണ്ടിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.

12) മാസാന്ത്യ ട്രഷറി/ബാങ്ക് റിക്കൺസീലിയേഷൻ നടത്തിയിട്ടില്ല. വാർഷിക റിക്കൺസീലിയേഷൻ നടത്തിയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എ) Receipt And Payment (RP -40-b) ൽ ഉൾപ്പെട്ടിട്ടുള്ള ട്രഷറി-1, ട്രഷറി-2 എന്നീ അക്കൌണ്ടുകളിലായി യഥാക്രമം ₹3608/-, ₹6877/- തുകകൾ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ അവയുടെ ട്രഷറി പാസ്സ് ബുക്ക് / സ്റ്റേറ്റ്മെന്റ് സൂക്ഷിച്ചിട്ടില്ല. അക്കൌണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

ബി) റിക്കൺസീലിയേഷൻ പത്രികയിൽ സഹകരണ ബാങ്കിലെ അക്കൌണ്ട് നം.4348 ൽ ₹12182/- നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പലിശയിനത്തിൽ ബാങ്കിൽ വരവുള്ള ₹487/- കണക്കിലെടുത്തിട്ടില്ല.

സി) ലൈഫ് ഭവന പദ്ധതിക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 38064410615 നമ്പർ അക്കൌണ്ടിൽ നിന്നും 31.03.2022 ൽ 725507 നമ്പർ ചെക്ക് പ്രകാരം ₹40000/- ചെലവഴിച്ചത് സാംഖ്യയിൽ പഞ്ചായത്തിന്റെ മറ്റൊരു ബാങ്ക് അക്കൌണ്ടായ എസ്.ബി.ഐ. 57057602962 എന്നതിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്.

13) Income And Expenditure Statement (I-18) ൽ Prior Period Expenses- Establishment Expenses എന്ന ശീർഷകത്തിൽ ₹ 297050/- ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ₹297000/- മുൻ സെക്രട്ടറിയുടെ പേരിൽ വകുപ്പ് തല ശിക്ഷാ നടപടിയുടെ ഭാഗമായി ഇൻക്രിമെന്റ് ബാർ ചെയ്യുകയും താമസിയാതെ ടിയാൻ വിരമിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒറ്റത്തവണയായി തുക ഈടാക്കിയതാണ് ഇത്. മുൻവർഷങ്ങളിൽ പഞ്ചായത്ത് ടിയാന് നൽകിയ തുക തിരികെ ഈടാക്കിയതല്ല. ആയതിനാൽ മുൻ വർഷത്തെ ചെലവിൽ കുറവ് ചെയ്ത നടപടി ശരിയല്ല. ടി തുക മറ്റ് വരവുകൾ എന്ന ശീർഷകത്തിൽ വരവായി കാണിക്കേണ്ടതാണ്.

14) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

15) ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റിൽ ഇലക്ഷൻ ഡെപ്പോസിറ്റ് എന്ന ശീർഷകത്തിൽ ₹32500/- ബാദ്ധ്യതയായി നിലനിൽക്കുന്നു. ഇതിൽ നിശ്ചിത വോട്ട് ലഭിക്കാത്തവരുടെ ഡെപ്പോസിറ്റ് ഉണ്ടെങ്കിൽ ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

16) ഗുണഭോക്തൃവിഹിതം ഇനത്തിൽ തിരികെ നൽകാനുള്ളതായി ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ ₹302802/- അവശേഷിക്കുന്നുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 2021-22 വർഷം മുൻബാക്കിയായി ₹270256/- ഉണ്ടായിരുന്നു. തുടർന്ന് തൻവർഷം സ്വീകരിച്ച ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ₹775990/- ലഭിച്ചതിൽ 31.03.2022 ൽ ജേണൽ എൻട്രി വഴി ₹473188/- ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ നീക്കിയിരിപ്പായി ₹302802/- അവശേഷിക്കുന്നു. ഗുണഭോക്തൃവിഹിതം ചെലവ് വരുമ്പോൾ യഥാസമയത്തും കൃത്യതയോടെയും ചെലവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വന്നിരിക്കുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

17) ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കേരള വാട്ടർ അതോറിറ്റിൽ ഒടുക്കിയ തുകയിൽ മുൻവർഷ നീക്കിയിരിപ്പായി ₹13350/- ഉൾപ്പെട്ടിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതാണോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

18) ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായി ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ യഥാക്രമം ₹1008819/-, ₹297801/- ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക മുൻവർഷത്തെ നീക്കിയിരിപ്പ് തുകയാണ്. വിശദാംശങ്ങൾ ഇല്ല.

1-10 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ആശങ്കാജനകം

സർക്കാർ ഓരോ വർഷവും, സംസ്ഥാന നിയമസഭ ഇതിലേക്കായി നിയമം മൂലം യഥാവിധി ധനവിനിയോഗം നടത്തിയശേഷം, ധനകാര്യ കമ്മീഷന്റെ ശുപാർശ ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ചുകൊണ്ട്, പഞ്ചായത്തുകൾക്ക് ഈ ആക്ട് പ്രകാരമുള്ള അവയുടെ ചുമതലകൾ വേണ്ടവിധത്തിൽ

നിർവ്വഹിക്കുന്നതിനായി ആവശ്യമുള്ള ഗ്രാന്റുകളും സർക്കാർ സമാഹരിക്കുന്ന വിവിധ നികുതികളുടെയും ഡ്യൂട്ടികളുടെയും ചുങ്കങ്ങളുടേയും ഫീസുകളുടെയും വിഹിതവും നൽകേണ്ടതാണ് എന്ന് 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 195 ൽ നിർദ്ദേശിച്ചിട്ടുണ്ട് എന്നിരിക്കെ കുടയത്തൂർ ഗ്രാമ പഞ്ചായത്തിൽ തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പഞ്ചായത്ത് ജനങ്ങൾക്ക് നൽകേണ്ടതായ അനിവാര്യവും പൊതുവായതുമായ സേവനങ്ങൾ നൽകുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

- സ്ഥാപനത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ച് ബജറ്റ് തയ്യാറാക്കപ്പെടുന്നില്ല.
- തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം ഗ്രാമപഞ്ചായത്തിന് അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിനുപോലും കഴിയാതെ വരുന്നു.
- സ്ഥാപനത്തിന്റെ വർഷാന്ത്യ നീക്കിയിരിപ്പിനേക്കാൾ കൂടിയ തുക ബാദ്ധ്യതയായി നിലനിൽക്കുന്നു.
- നികുതി പിരിവ് പൂർണ്ണ തോതിൽ നടത്തിയിട്ടും സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന വിടവ് നികത്തൽ തുക ഉപയോഗിച്ചാണ് പഞ്ചായത്ത് പ്രവർത്തിച്ചുവരുന്നത് .
- തീർത്തും ഗ്രാമീണ മേഖലയായ പഞ്ചായത്തിന് പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്.

<u>സ്ഥാപനത്തിന്റെ യഥാർത്ഥ ധനസ്ഥിതി ബജറ്റിലൂടെ അവതരിപ്പിക്കപ്പെടുന്നില്ല</u>

ഭരണസമിതി പാസ്സാക്കുന്ന ബജറ്റും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ട്. വർഷാവസാനം അവതരിപ്പിക്കുന്ന പുതുക്കിയ ബജറ്റിൽ പോലും വരവിനങ്ങളിൽ വളരെ കൂടിയ തുക ഉൾപ്പെടുത്തുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 (2) നിർദ്ദേശിക്കുന്ന രീതിയിൽ മിച്ച ബജറ്റ് ആയിരിക്കണം എന്ന സാങ്കേതികത്വം മറികടക്കുന്നതിന് വരവിനങ്ങളിൽ ലഭിക്കാവുന്നതിലും വളരെ വലിയ തുക ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കുന്നത്. ആയതിനാൽ ബജറ്റ് സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ല. നികുതി, നികുതിയേതര വരുമാനത്തിൽ ലഭിക്കുവാനില്ലാത്ത തുക ബജറ്റിൽ വരവായി ഉൾപ്പെടുത്തുന്നതിനാൽ ഭരണ നിർവ്വഹണത്തിൽ പ്രതീക്ഷിക്കാത്ത വിധം സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നു. തൽഫലമായി വിടവ് നികത്തൽ ഫണ്ടിന്റെ സഹായത്താൽ അനിവാര്യ ചെലവുകൾ മാത്രം നടത്തി ഭരണം നിർവ്വഹിക്കേണ്ടിവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2021-22 ബജറ്റ് പ്രകാരം | 2021-22 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരം | 2021-22 ലെ വാർഷിക കണക്ക് പ്രകാരം | ബജറ്റ് തുകയിൽ നിന്നുള്ള കുറവ്/ കൂടുതൽ |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (4)-(5) |
| 1 | നികുതി വരുമാനം | 3350000 | 3350000 | 2362939 | 987061 |
| 2 | നികുതിയേതര വരുമാനം | 3250000 | 3250000 | 475797 | 2774203 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 6494000 | 6494000 | 6494000 | 0 |
| 4 | ആകെ തനത് വരുമാനം | 13094000 | 13094000 | 9332736 | 3761264 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികയിൽ നിർദ്ദേശിക്കുന്നതും പ്രാദേശിക സർക്കാർ എന്ന നിലയിൽ ജനങ്ങൾക്ക് നൽകേണ്ടതുമായ കുടിവെള്ളം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, മാലിന്യ സംസ്കരണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, പേവിഷബാധ നിയന്ത്രണം തുടങ്ങിയ അനിവാര്യ ചുമതലകളും ഒപ്പം പ്രകൃതി ക്ഷോഭം ഉണ്ടാകുമ്പോൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിന്റെ പൊതുവായ ചുമതലകളും നിറവേറ്റുന്നതിന് ഫണ്ടിന്റെ അപര്യാപ്തത കാരണമാകുന്നു. ഇത് ഒരു വിധത്തിലുള്ള ഭരണസ്തംഭനമാണ് സൃഷ്ടിക്കുന്നത്. സ്ഥാപനത്തിന് വിഭവ സമാഹരണത്തിന് സാദ്ധ്യതകൾ ഇല്ലാതെ പോയത് പ്രദേശ വാസികളുടെയോ

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയോ വീഴ്ചയായി കാണാൻ കഴിയില്ല. അതോടൊപ്പം ഒരു തദ്ദേശ സ്ഥാപനത്തിൽ നിന്നും ജനങ്ങൾക്ക് സാമാന്യമായി ലഭിക്കേണ്ടതായ സേവനങ്ങൾ ലഭിക്കാതെ പോകുന്നതും പ്രാദേശിക സർക്കാർ എന്ന സങ്കൽപ്പത്തെ തന്നെ ഇല്ലാതാക്കുന്നതാണ്.

സ്ഥാപനത്തിന്റെ വർഷാന്ത്യ നീക്കിയിരിപ്പിനേക്കാൾ കൂടിയ തുക ബാദ്ധ്യതയായി നിലനിൽക്കുന്നു.

വിവിധയിനത്തിൽ പലപ്പോഴായി ലഭിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഉൾപ്പെടെ സാമ്പത്തിക വർഷം ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള വിവിധയിനത്തിലുള്ള ബാദ്ധ്യതകൾ തീർക്കുന്നതിനുള്ള നീക്കിയിരിപ്പ് സ്ഥാപനത്തിൽ നിലവിലില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Amount (₹) |
|---|---|
| Grants, Funds And Contributions For Specific Purposes (B-4) | 10091536 |
| Deposits Received (B-7) | 527344 |
| Other Liabilities (B-9) | 2421813 |
| Total | 13040693 |
| Clossing Balance (B-17) | 10069382 |
| Shotage Of Fund | 2871311 |

ഫണ്ടിന്റെ അഭാവത്താൽ അനിവാര്യ ചെലവുകൾക്കായി തുക വകമാറ്റി ചെലവഴിച്ചിരിക്കുന്നു എന്ന് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാണ്. ഇത്തരം പ്രവൃത്തികൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണെങ്കിലും സ്ഥാപനത്തിന്റെ മുമ്പിൽ മറ്റ് മാർഗ്ഗങ്ങൾ ഇല്ലായെന്ന യാഥാർത്ഥ്യവും നിലനിൽക്കുന്നു.

നികുതി പിരിവ് പൂർണ്ണ തോതിൽ നടത്തിയിട്ടും സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന വിടവ് നികത്തൽ തുക ഉപയോഗിച്ചാണ് പഞ്ചായത്ത് പ്രവർത്തിച്ചുവരുന്നത് .

പഞ്ചായത്തിന്റെ ആകെ നികുതി വരുമാനം ₹ 2362939/- മാത്രമാണ്. ഇത് ഏതാണ്ട് മുഴുവനായിത്തന്നെ പിരിച്ചെടുക്കുന്നുണ്ട്. വസ്തുനികുതിയിനത്തിൽ ആകെ ഡിമാന്റ് ₹1741889/- യാണ്. ഇതിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതും അടച്ചുപൂട്ടപ്പെട്ടതുമായ താഴെ പറയുന്ന രണ്ട് സ്ഥാപനങ്ങളുടെ പ്രതിവർഷ വസ്തുനികുതി ₹75997/-യാണ്. ഇതിൽ ഒരു കെട്ടിടത്തിനൊഴികെയുള്ളവയുടെ 2013-14 മുതലുള്ള കുടിശ്ശിക ₹865791/- ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | അടിസ്ഥാന വസ്തുനികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|
| V/1A | 8825 | 442 | 9267 |
| V/1B | 30801 | 1541 | 32342 |
| V/1C | 1980 | 99 | 2079 |
| I/204 | 420 | 21 | 441 |
| I/204 | 3240 | 162 | 3402 |
| I/206 | 2916 | 146 | 3062 |
| I/250 | 8000 | 400 | 8400 |
| I/251 | 9759 | 488 | 10247 |
| I/252 | 6435 | 322 | 6757 |
| ആകെ | 72376 | 3621 | 75997 |

പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷത്തെ നികുതി, നികുതിയേതര വരവുകളും അനിവാര്യ ചെലവുകളും തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|---|
| നികുതി വരവ് | 1207555.00 | 1369172.00 | 1846340.00 | 1819471.00 | 2051277.00 | 1998067.00 | 2150005.00 | 2245714.00 | 2282806.00 | 2362939.00 |
| നികുതിയേതരം | 401676.00 | 659321.00 | 505938.00 | 721278.00 | 638832.00 | 1202635.00 | 627114.00 | 1461869.00 | 1726384.00 | 475797.00 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 2364000.00 | 2818000.00 | 3315000.00 | 3505000.00 | 3985572.00 | 4321000.00 | 4604353.00 | 5323764.00 | 5683000.00 | 6494000.00 |
| **Total Own Revenue** | 3973231.00 | 4846493.00 | 5667278.00 | 6045749.00 | 6675681.00 | 7521702.00 | 7381472.00 | 9031347.00 | 9692190.00 | 9332736.00 |

ശമ്പള ചെലവുകൾ

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|---|
| **Sec** | 40383.00 | 589613.00 | 554097.00 | 684993.00 | 632723.00 | 895686.00 | 875402.00 | 925162.00 | 944920.00 | 755950.00 |
| **% Of Total Own Revenue** | 1.02 | 12.17 | 9.78 | 11.33 | 9.48 | 11.91 | 11.86 | 10.24 | 9.75 | 8.10 |
| **Staff** | 2872795.00 | 2764038.00 | 3099011.00 | 3919166.00 | 4289373.00 | 5254677.00 | 5003501.00 | 5298016.00 | 4807573.00 | 7559573.00 |
| **% Of Total Own Revenue** | 72.30 | 57.03 | 54.68 | 64.83 | 64.25 | 69.86 | 67.78 | 58.66 | 49.60 | 81.00 |
| **PTS** | 6743.00 | 81399.00 | 2961.00 | 105746.00 | 98518.00 | 120814.00 | 135716.00 | 148883.00 | 149933.00 | 162858.00 |
| **% Of Total Own Revenue** | 0.17 | 1.68 | 0.05 | 1.75 | 1.48 | 1.61 | 1.84 | 1.65 | 1.55 | 1.75 |
| **Contract** | 0.00 | 6750.00 | 6750.00 | 157500.00 | 251403.00 | 297281.00 | 67830.00 | 271405.00 | 87400.00 | 190470.00 |
| **% Of Total Own Revenue** | 0.00 | 0.14 | 0.12 | 2.61 | 3.77 | 3.95 | 0.92 | 3.01 | 0.90 | 2.04 |
| **Daily Wages** | 2375.00 | 44762.00 | 123980.00 | 88900.00 | 37750.00 | 100900.00 | 308855.00 | 114245.00 | 161033.00 | 222380.00 |
| **% Of Total Own Revenue** | 0.06 | 0.92 | 2.19 | 1.47 | 0.57 | 1.34 | 4.18 | 1.26 | 1.66 | 2.38 |
| **Total** | 2922296.00 | 3486562.00 | 3786799.00 | 4956305.00 | 5309767.00 | 6669358.00 | 6391304.00 | 6757711.00 | 6150859.00 | 8891231.00 |
| **% Of Total Own Revenue** | 73.55 | 71.94 | 66.82 | 81.98 | 79.54 | 88.67 | 86.59 | 74.83 | 63.46 | 95.27 |

ഹോണറേറിയം ഇനത്തിൽ ചെലവായ തുകയുടെ വിവരം

| വർഷം | 2012–13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|---|
| **President** | 11200.00 | 78200.00 | 79200.00 | 76057.00 | 132000.00 | 158400.00 | 158400.00 | 158400.00 | 139724.00 | 155200.00 |
| **% Of Total Own Revenue** | 0.28 | 1.61 | 1.40 | 1.26 | 1.98 | 2.11 | 2.15 | 1.75 | 1.44 | 1.66 |
| **Vice- President** | 8600.00 | 62600.00 | 63600.00 | 61237.00 | 106000.00 | 127200.00 | 127200.00 | 127200.00 | 112487.00 | 126600.00 |
| **% Of Total Own Revenue** | 0.22 | 1.29 | 1.12 | 1.01 | 1.59 | 1.69 | 1.72 | 1.41 | 1.16 | 1.36 |
| **Standing Com. Chairman** | 18600.00 | 144600.00 | 148200.00 | 135183.00 | 246000.00 | 295200.00 | 295200.00 | 300450.00 | 253278.00 | 325200.00 |
| **% Of Total Own Revenue** | 0.47 | 2.98 | 2.62 | 2.24 | 3.69 | 3.92 | 4.00 | 3.33 | 2.61 | 3.48 |
| **Members** | 441964.00 | 328000.00 | 336000.00 | 332387.00 | 504000.00 | 700000.00 | 650097.00 | 676800.00 | 607860.00 | 793800.00 |
| **% Of Total Own Revenue** | 11.12 | 6.77 | 5.93 | 5.50 | 7.55 | 9.31 | 8.81 | 7.49 | 6.27 | 8.51 |
| **Tatal** | 480364.00 | 613400.00 | 627000.00 | 604864.00 | 988000.00 | 1280800.00 | 1230897.00 | 1262850.00 | 1113349.00 | 1400800.00 |
| **% Of Total Own Revenue** | 12.09 | 12.66 | 11.06 | 10.00 | 14.80 | 17.03 | 16.68 | 13.98 | 11.49 | 15.01 |

Mandatory Expenditure

തെരുവ് വിളക്ക്, വെള്ളക്കരം ഇനത്തിലെ ചെലവ്

| വർഷം | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|---|---|
| **Steet Light** | 216597.00 | 252146.00 | 175411.00 | 339468.00 | 340679.00 | 386997.00 | 391690.00 | 95667.00 | 208493.00 | 494562.00 |
| **% Of Total Own Revenue** | 5.45 | 5.20 | 3.10 | 5.61 | 5.10 | 5.15 | 5.31 | 1.06 | 2.15 | 5.30 |
| **Crematorium** | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| **% Of Total Own Revenue** | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 | 0.00 |
| **Electricity Charge** | 127449.00 | 58940.00 | 108119.00 | 114682.00 | 64689.00 | 78462.00 | 118964.00 | 106104.00 | 106297.00 | 45616.00 |
| **% Of Total Own Revenue** | 3.21 | 1.22 | 1.91 | 1.90 | 0.97 | 1.04 | 1.61 | 1.17 | 1.10 | 0.49 |
| **Vehicle** | 34556.00 | 22996.00 | 70834.00 | 151868.00 | 110038.00 | 142578.00 | 39373.00 | 28744.00 | 22600.00 | 158185.00 |
| **% Of Total Own Revenue** | 0.87 | 0.47 | 1.25 | 2.51 | 1.65 | 1.90 | 0.53 | 0.32 | 0.23 | 1.69 |
| **Water Charge** | 17692.00 | 199427.00 | 50885.00 | 209315.00 | 333172.00 | 439607.00 | 17742.00 | 537997.00 | 225188.00 | 680820.00 |
| **% Of Total Own Revenue** | 0.45 | 4.11 | 0.90 | 3.46 | 4.99 | 5.84 | 0.24 | 5.96 | 2.32 | 7.29 |
| **Toatal Mandatory Expenditure** | 396294.00 | 533509.00 | 405249.00 | 815333.00 | 848578.00 | 1047644.00 | 567769.00 | 768512.00 | 562578.00 | 1379183.00 |
| **% Of Total Own Revenue** | 9.97 | 11.01 | 7.15 | 13.49 | 12.71 | 13.93 | 7.69 | 8.51 | 5.80 | 14.78 |
| **Grand Total Revenue Expenditure** | **3798954.00** | **4633471.00** | **4819048.00** | **6376502.00** | **7146345.00** | **8997802.00** | **8189970.00** | **8789073.00** | **7826786.00** | **11671214.00** |
| **% Of Total Own Revenue** | **95.61** | **95.60** | **85.03** | **105.47** | **107.05** | **119.62** | **110.95** | **97.32** | **80.75** | **125.06** |

സ്ഥാപനത്തിന്റെ കഴിഞ്ഞ 10 വർഷത്തെ വരവ് ചെലവുകൾ പൊതുവായും തനത് ഫണ്ടിന്റെ വരവും അവയിൽ നിന്നും നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകളും പ്രത്യേകമായും പരിശോധിക്കുമ്പോൾ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിലുള്ള അനിവാര്യ ചെലവുകൾ പോലും നിർവ്വഹിക്കുവാൻ കഴിയാത്ത ധനസ്ഥിതിയാണ് ഉള്ളത്. 2017-18, 2019-20 & 2020-21 വർഷങ്ങളിൽ അസാധാരണമായ ചില നികുതിയേതര വരവുകൾ സ്ഥാപനത്തിന് ലഭിച്ചിരുന്നു. ഉദാഹരണത്തിന് 2017-18 ൽ തടിലേലമിനത്തിൽ ₹500000/-, 2019-20 ൽ മുൻസെക്രട്ടറിയുടെ പേരിലുള്ള ശിക്ഷാനടപടിയുടെ ഭാഗമായി ഇൻക്രിമെന്റ് തടഞ്ഞുവെക്കുകയും വിരമിക്കൽ മൂലം ടി ശിക്ഷ നടപ്പാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ആയത് ഒരു നിശ്ചിത തുകയായി ഒറ്റത്തവണ ഒടുക്കിയപ്പോൾ ലഭിച്ച തുകയുൾപ്പെടെയുള്ള ചില വരവുകൾ ₹ 6,84,949/-, 2020-21 വർഷം റോഡ് കട്ടിംഗ് ഫീസ് ഇനത്തിൽ ലഭിച്ച ₹10,95,688/- എന്നിവ (ടി കാലയളവിലെ വാർഷിക കണക്കിൽ നികുതിയേതര വരവിൽ തെറ്റായി രേഖപ്പെടുത്തിയ ₹7,52,021/-

ഒഴിവാക്കിയിട്ടുണ്ട്) ഉൾപ്പെടെയുള്ള അസാധാരണ വരവിനങ്ങൾ മാറ്റി നിർത്തിയാൽ സ്ഥാപനത്തിന്റെ തനത് വരുമാനവും പൊതുആവശ്യ ഗ്രാന്റും ശമ്പളത്തിനും ജനപ്രതിനിധികളുടെ ഹോണറേറിയത്തിനും പോലും തികയാത്ത സാഹചര്യമാണ്. ഓഡിറ്റ് വർഷത്തെ കണക്കുകൾ പ്രത്യേകമായി പരിശോധിച്ചാൽ പൊതു ആവശ്യ ഗ്രാന്റിന്റെ 95% തുക ശമ്പളത്തിനും 15% തുക ഹോണറേറിയത്തിനും വേണ്ടിവരുന്നു. വൈദ്യുതി ചാർജ്, വെള്ളക്കരം തുടങ്ങിയ അനിവാര്യ ചെലവുകൾ കൂടി കണക്കാക്കിയാൽ ആകെ തനത് ഫണ്ടിന്റെ 125% തകയാണ് ആവശ്യമായി വരുന്നത്. ഈ സാമ്പത്തിക സാഹചര്യത്തിൽ എങ്ങനെയാണ് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഭരണ നിർവ്വഹണം നടത്തുന്നത് എന്നത് അനിർവ്വചനീയമാണ്.

തീർത്തും ഗ്രാമീണ മേഖലയായ പഞ്ചായത്തിന് പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്.

പഞ്ചായത്ത് നലവിലുള്ള നികുതികൾ പൂർണ്ണ തോതിൽ പിരിച്ചെടുക്കുന്നുണ്ട്. എന്നാൽ അതൊന്നും പഞ്ചായത്തിന്റെ അനിവാര്യ ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. ആവശ്യമായ തെരുവ് വിളക്കുകൾ തെളിയിക്കുന്നത് ഉൾപ്പെടെയുള്ള നിയമാനുസൃത സേവനങ്ങൾ പോലും യഥാവിധി ജനങ്ങൾക്ക് നൽകുവാൻ കഴിയാത്ത സാഹചര്യത്തിൽ ഇത്തരം സേവനത്തിന്മേൽ സർചാർജ് ചുമത്തുന്നത് പ്രായോഗികമല്ല. മാത്രമല്ല തീർത്തും ഗ്രാമീണ മേഖലയായ പ്രദേശമായതിനാൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനവും കൂടുതലായി പ്രതീക്ഷിക്കുവാൻ കഴിയില്ല. ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പുഴയുടെ സാദ്ധ്യതകൾ കണക്കിലെടുത്ത് ഏതെങ്കിലും തരത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനം നടത്തണമെങ്കിലും ചെറുതല്ലാത്ത മൂലധനചെലവ് വരും എന്നതിനാൽ ഇപ്പോഴത്തെ ധനസ്ഥിതിയിൽ പഞ്ചായത്തിന് ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും ഒട്ടേറെ ബുദ്ധിമുട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്.

നിരന്തരമായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഇപ്രകാരം പ്രവർത്തന മൂലധനം ഇല്ലാത്തതിന്റെ പേരിൽ നാമമാത്ര പ്രവൃത്തികളിലും സേവനങ്ങളിലും ഒതുങ്ങി നിൽക്കുകയോ നിയമാനുസൃത ചുമതലകൾ വേണ്ടവിധം നിർവ്വഹിക്കുവാൻ കഴിയാതെ ഭരണ സ്തംഭനത്തിന് സമാനമായ സാഹചര്യത്തിൽ തുടരുന്നതോ ആശാസ്യമല്ല. ഈ സാഹചര്യത്തിൽ എല്ലാ വർഷവും സ്ഥാപനത്തിന്റെ ബജറ്റിൽ സ്വമേധയാ ഉണ്ടാകുന്ന പ്രവർത്തന മൂലധനത്തിന്റെ അഭാവം (വിടവ്) നികത്തുന്നതിന് യഥാസമയം ഇടപെടൽ ഉണ്ടാവേണ്ടതിന്റെ അനിവാര്യത സർക്കാരിനെ ബോദ്ധ്യപ്പെടുത്തുവാൻ ഭരണസമിതിക്ക് ശ്രമിക്കാവുന്നതാണ്. പൊതു ആവശ്യ ഗ്രാന്റ് പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതിൽ ഇത്തരം സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്ന സാഹചര്യം പരിഗണിക്കാവുന്നതാണോ എന്നതു സംബന്ധിച്ചും ഭരണ സമിതിക്ക് സർക്കാരിനെ സമീപിച്ച് പരിഹാരമാർഗ്ഗം തേടാവുന്നതാണ്.

1-11 വാടക ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ വാടകയ്ക്ക് നൽകിയ അഞ്ച് മുറികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലഘട്ടത്തിലെ ആറുമാസത്തെ വാടക ഒഴിവാക്കി കൊടുത്തത് കൂടാതെ തൻവർഷം വാടക വർദ്ധനയും കമ്മിറ്റിത്തീരുമാന പ്രകാരം ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇത് കൂടാതെ വാടകരഹിതമായി സ്റ്റെയർകേസിനടിയിലെ മുറിയിൽ പ്രവർത്തിച്ചിരുന്ന അക്ഷയ സെന്റർ, ഷോപ്പിംഗ് കോംപ്ലക്സിന്റെ മുൻഭാഗത്ത് തന്നെയുള്ള III/112 നമ്പറായിട്ടുള്ള മുറിയിലേക്ക് വാടക രഹിതമായി മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടികളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/22-09-2022) മറുപടി ഹാജരാക്കിയിട്ടുണ്ട്.

കോവിഡ് കാലഘട്ടത്തിൽ കടകളിൽ വരുമാനം കുറവായതിനാലാണ് വാടക വർദ്ധനവ് ഒഴിവാക്കിയതെന്നും, അക്ഷയ സെന്റർ വാടക 2022-23 മുതൽ പ്രതിമാസം ₹2000/- നിരക്കിൽ

ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തനത് വരുമാനം വളരെ കുറവായ ഗ്രാമപഞ്ചായത്ത് കെട്ടിട വാടകയിൽ വളരെ അധികം ഇളവുകൾ നൽകിയത് ആശാസ്യമായി ഓഡിറ്റ് കരുതുന്നില്ല. വരും വർഷങ്ങളിൽ കൃത്യമായ വാടക വർദ്ധനവ് വരുത്തുന്നതിനും, ഇതിനോടകം നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിലേയ്ക്ക് മാറ്റി, എംസിഎഫ് നിലവിൽ പ്രവർത്തിക്കുന്ന മുറി വാടകയ്ക്ക് നൽകി വരുമാന വർദ്ധനവിനും ശ്രമിക്കേണ്ടതാണ്. ഇത് കൂടാതെ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പൂർത്തിയാക്കി വാടകയ്ക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-12 ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ്

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ക്രോഡീകരിച്ച കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യ സ്ഥാപനങ്ങൾ എന്ന ഗണത്തിൽ പെടുത്തി വസ്തു നികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 601 ആണ്. പഞ്ചായത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 13 വാർഡുകളിലായി 321 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ 65 സ്ഥാപനങ്ങൾ മാത്രമാണ് 2020-21-ൽ FACTEOS ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23-09-2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ കോവിഡ് കാലഘട്ടമായ 2021-22 ൽ, ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിന്റെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചതിനാലും മഹാമാരിക്കാലത്ത് കുറച്ച് സ്ഥാപനങ്ങൾ മാത്രം പൂർണ്ണമായും ഉറന്ന് പ്രവർത്തിച്ചതിനാലുമാണ് ഇപ്രകാരം എണ്ണത്തിൽ കുറവ് വന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. കോവിഡിനു മുൻപ് 2019-20 ൽ 139 സ്ഥാപനങ്ങളാണ് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നത്. വരും വർഷങ്ങളിൽ ഫീൽഡ് തല അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന വാണിജ്യ, അനുബന്ധ സ്ഥാപനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി അവ പൂർണമായും ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-13 മുറിച്ചുനീക്കിയ തടികൾ ലേലം ചെയ്ത് നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ച നീക്കിയതിന് താഴെ സൂചിപ്പിക്കുന്ന പ്രകാരം തൻവർഷം കൂലി നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞു.

| തീയതി | ഇനം | തുക ₹ |
|---|---|---|
| 11-05-2021 | ഗവ.ആയുർവേദ ആശുപത്രി പരിസരത്ത് നിന്നിരുന്ന മരങ്ങൾ | 5500 |
| 31-05-2021 | കമ്മിറ്റി തീരുമാനം 4,5 തീ. 24-05-2021 | 22000 |
| 29-11-2021 | പഞ്ചായത്ത് ഭൂമിയിലും മാരിക്കൽ കോളനിയിലും നിൽക്കുന്ന മരങ്ങൾ | 8000 |

മരങ്ങൾ യഥാർത്ഥത്തിൽ മുറിച്ച മാറ്റിയത് 2020-21-ൽ ആണെങ്കിലും 2018-19 മുതൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ച നീക്കേണ്ട ആവശ്യകത തിരിച്ചറിഞ്ഞ് അക്കാലയളവിൽത്തന്നെ അവയുടെ മൂല്യനിർണയം മുൻകൂട്ടി സോഷ്യൽ ഫോറസ്റ്ററി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന നടത്തിയിരുന്നു. തുടർന്ന് അവ വ്യക്തികൾക്ക് സ്വന്തം ചെലവിൽ മുറിച്ച നീക്കുന്നതിനാണ് ലേലം നടത്തിയത്. ലേലവിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/28-09-2022) സമർപ്പിച്ച മറുപടിയോടൊപ്പം ഹാജരാക്കിയ രേഖകളിൽ താഴെ സൂചിപ്പിക്കും പ്രകാരം വാല്യുവേഷൻ 22-05-2018-ൽ ലഭിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞു.

| ക്രമ നമ്പർ | ഇനം | തുക₹ |
|---|---|---|
| 1 | ആഞ്ഞിലി<br>വിറക് | 93464<br>3239 |
| 2 | അറയാനി -വിറക് | 16939 |

| | | |
|---|---|---|
| 3 | തേക്ക്<br>വിറക് | 66745<br>2133 |
| 4 | തേക്ക്<br>വിറക് | 11374<br>350 |
| 5 | ആഞ്ഞിലി | 10517 |
| 6 | ആഞ്ഞിലി | 48875 |
| 7 | ആഞ്ഞിലി | 22296 |
| 8 | മാഞ്ചിയം<br>വിറക് | 22776<br>340 |

10-07-2018, 09-08-2018, 15-09-2018, 19-11-2018, 23-03-2019, 17-04-2019, 10-10-2019 എന്നീ തീയതികളിൽ ലേലം നടത്തിയിരുന്നെങ്കിലും ആരും ലേലം കൊള്ളാൻ തയ്യാറായില്ല. വനം വകുപ്പിന്റെ വാല്യുവേഷൻ തുകയ്ക്ക് തടികളുടെ ലേലം നടക്കാത്തതിനാൽ വാല്യുവേഷൻ തുക കുറച്ച് നൽകണമെന്നഭ്യർത്ഥിച്ച് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് പഞ്ചായത്ത് കത്ത് നൽകി. മറുപടിയായി വാല്യുവേഷൻ സർക്കാർ നിശ്ചയിച്ച നിരക്കിൽ നിന്ന് വ്യതിചലിച്ച് നൽകുവാൻ നിർവ്വാഹമില്ലെന്നും പ്രസ്തുത മരങ്ങളുടെ ലേലത്തിന് വിപുലമായ പരസ്യം നൽകി അതിനു ശേഷം നടക്കുന്ന ലേലത്തിൽ മേലധികാരിയുടെ തീരുമാനത്തിനു വിധേയമായി ലേലം ചെയ്തു നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് തടികൾക്ക് ലഭിക്കാവുന്ന പരമാവധി തുക ലേലത്തിൽ പങ്കെടുത്തവരിൽ നിന്ന് വാങ്ങിയ ശേഷം സർക്കാരിന്റെ അനുമതിയോടെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് 23-09-2019 ലെ 5(1) നമ്പറായി കമ്മിറ്റി തീരുമാനമെടുക്കുകയും അനുമതിയ്ക്കായി 10-01-2019-ൽ പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. 10-10-2019 ലെ ലേലത്തിൽ പങ്കെടുത്തവരിൽ നിന്ന് അപ്രകാരം തുക എഴുതി വാങ്ങി. പിന്നീട് 30-01-20121 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/9835/2020-C1(DP) നം. ഉത്തരവിൽ അപ്രകാരമുള്ള ലേലത്തിന് അനുമതി ലഭ്യമാവുകയും ചെയ്തു. എന്നാലും 31-03-2021, 22-07-2021 എന്നീ തീയതികളിൽ നടന്ന ലേലത്തിലും ആരും തടി ലേലം കൊള്ളാൻ തയ്യാറായില്ല.

മേൽ സൂചിപ്പിച്ച മരങ്ങൾ അപകടാവസ്ഥ മുന്നിൽക്കണ്ട് ഗ്രാമപഞ്ചായത്ത് നേരിട്ട് മുറിച്ചു നീക്കി അതത് സ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുകയാണ്. 2020-21 ൽ വെട്ടിയിട്ടതിനാൽ ഇവ ദ്രവിച്ച് പോകുന്നതിനുമുൻപ് ഉചിതമായ തീരുമാന പ്രകാരം ലേലം/ടെണ്ടർ നടപടികളിലൂടെ വിൽക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14 വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ വെള്ളക്കരം ഡിമാന്റിൽ കുറവ് ചെയ്യാതെ തുടർന്നും കുടിശ്ശികയായി ഉൾപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 10/22, വാട്ടർചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയ്ക്കുള്ള തുക അടയ്ക്കൽ |
| അടങ്കൽ | ₹45000/- (മെയിന്റനൻസ് ഗ്രാന്റ്)<br>₹ 25000/- ( പദ്ധതി വിഹിതം)<br>ആകെ ₹ 475000/- |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | ₹465846/- |

2021-22 വർഷം മേൽ പദ്ധതി പ്രകാരം ₹465846/- കുടിവെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ കുറവ് ചെയ്യുന്നില്ലെന്ന് മാത്രമല്ല ഒടുക്കിയ തുക കൂടി കുടിശികയായി കണക്കാക്കി ഫൈൻ ഉൾപ്പെടെയുള്ള തുകയാണ് അടുത്ത ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തി നൽകുന്നത്.

| ക്രമ നം. | ഡിമാന്റ് തുക /മാസം (കുടിശിക ഉൾപ്പെടെ) | ഒടുക്ക് വരുത്തിയ തുക (₹) | ബിൽ നം./തീയതി |
|---|---|---|---|
| 1 | ₹ 4489606/ഏപ്രിൽ | 77182 | 211100152002300105694/ 03.06.2021 |
| 2 | ₹ 4616276/ മെയ് | | |
| 3 | ₹ 4745431/ജൂൺ | 38591 | 211100152002300162503/30.06.2021 |
| 4 | ₹ 4877119/ജൂലൈ | 38591 | 211100152002300246391/28.07.2021 |
| 5 | ₹ 5011390/ആഗസ്റ്റ് | 38591 | 2111001520023003449826/26.08.2021 |
| 6 | ₹ 5148295/ സെപ്റ്റംബർ | 38591 | 211100152002300460590/28.09.2021 |
| 7 | ₹ 5288345/ ഒക്ടോബർ | 39050 | 211100152002300533455/20.10.2021 |
| 8 | ₹5431142/ നവംബർ | 39050 | 211100152002300679228/18.11.2021 |
| 9 | ₹5576740/ ഡിസംബർ | 39050 | 211100152002300845940/27.12.2021 |
| 10 | ₹5725194/ ജനവരി | 39050 | 211100152002301045935/02.02.2022 |
| 11 | ₹5836729/ ഫെബ്രുവരി | 39050 | 2111001520023011045784/17.02.2022 |
| 12 | ₹5990283/ മാർച്ച് | 39050 | 21110015200230 |
| | ആകെ | ₹ 465846 | |

തുക ക്രമീകരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 30.09.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ₹ 465846/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല

ധനകാര്യപത്രികയുടെ RP40(b) പട്ടികപ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി 26 അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്. ഇവയിൽ നിലവിൽ ഉപയോഗിക്കുന്നതും/ ബാലൻസ് അവശേഷിക്കുന്നതുമായവയുടെ വിവരങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/22-09-2022) നൽകിയിരുന്നു. ആയതിനു സമർപ്പിച്ച മറുപടിയിൽ താഴെ സൂചിപ്പിക്കുന്ന അക്കൗണ്ടുകൾ ഉപയോഗരഹിതം / ബാലൻസ് അവശേഷിക്കാത്തത് ആണെന്ന് അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | അക്കൗണ്ട് വിവരങ്ങൾ | ബാലൻസ് |
|---|---|---|
| 1 | Treasury Account(799012900000761) | 0 |
| 2 | Dist.co-operative Bank(EMS-1) | 0 |
| 3 | Dist.co-operative Bank(EMS-2) | 0 |
| 4 | Other Co-operative Bank(3259) | 0 |
| 5 | Other Co-operative Bank(4253) | 0 |
| 6 | Dist.Treasury Idukki(710014400000005) | 0 |
| 7 | Dist.Treasury Idukki(799013100000617) | 0 |
| 8 | SBI Hariyali(67023391079) | 21802 |
| 9 | SBI Watershed(67066840185) | 4175 |
| 10 | Union Bank Of India(Litercy) | 3664 |
| 11 | District Treasury- Covid(799014400005906) | 271860 |
| 12 | Treasury-1(VPFA) | 3608 |
| 13 | Treasury-2(VPFA) | 6877 |
| 14 | District Co-operative Bank-EMS-SCP(120361201200002) | 899168 |

മേൽ സൂചിപ്പിച്ച അക്കൗണ്ടുകൾ യഥാവിധി ക്ലോസ് ചെയ്യുന്നതിനും അത് പ്രകാരം വാർഷികക്കണക്കിൽ നിന്ന് ഒഴിവാക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന പദ്ധതി

ലൈഫ് ഭവന പദ്ധതിയിൽ കരാർ ചമച്ച് നാളിതു വരെ പണി പൂർത്തീകരിക്കാത്ത വീടുകളുടെ വിവരം രജിസ്റ്റർ, ബില്ലുകൾ എന്നിവ പരിശോധിച്ചപ്പോൾ ലഭ്യമായതിൻ പ്രകാരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ/കരാർ വർഷം | ഭവന നിർമ്മാണത്തിന്റെ സ്റ്റേജ് | കൈപ്പറ്റിയ തുക₹ |
|---|---|---|---|
| 1 | ലേഖ ഹരികുമാർ/2020-21 | മേൽക്കൂര | 350,000 |
| 2 | ആരതി ശിവശങ്കരൻ,ഉണ്ടിയിൽ/2020-21 | തറ | 200,000 |
| 3 | സിന്ധു വി.എസ്., തുരുത്തിക്കാട്ടുകുടിയിൽ/2020-21 | മേൽക്കൂര | 306,000 |
| 4 | മനോജ് റ്റി.എ., ളുക്കംകോട്ടിൽ/2020-21 | ഭിത്തി | 200,000 |
| 5 | ശ്രീനാഥ് കെ.ശ്രീധർ, കുട്ടപ്ലാക്കൽ/2020-21 | തറ | 200,000 |
| 6 | സാജൻ പി.എൻ., പഴയ പുരയ്ക്കൽ/ 2021-22 | മേൽക്കൂര | 340,000 |
| 7 | മധുസൂദനൻ പി.ജി., പഴയപുരയ്ക്കൽ/2021-22 | തുടങ്ങിയിട്ടില്ല | 40,000 |

ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-17 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കു വരുത്താത്തത്

പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നമ്പർ എഫ്.3/26572/03 തിയതി17-11-2003 പ്രകാരം ശമ്പളം മാറുന്ന ദിവസമോ 5-ാം തിയതിക്ക് മുൻപോ പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ ചെലാൻ, ഷെഡ്യൂൾ സഹിതം പ്രത്യേക ഫയലിൽ സൂക്ഷിക്കേണ്ടതും പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. ബാലൻസ് ഷീറ്റ് B-9 പ്രകാരം സ്ഥാപനത്തിൽ ₹1524719/-പെൻഷൻ അംശദാനം ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നതിലും രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാനും മേൽ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കുടിശിക തുക അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മസ്റ്റർ റോൾ തയ്യാറാക്കിയിട്ടില്ല

കാഞ്ഞാറിലുള്ള പഞ്ചായത്ത് വക റൂറൽ മാർക്കറ്റിലെ കംഫർട്ട് സ്റ്റേഷൻ പരിപാലിച്ചതിന് ഇബ്രാഹിം മലേപറമ്പിൽ എന്നയാൾക്ക് തൻവർഷം തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്

| വൗച്ചർ നമ്പർ /തിയതി | തുക |
|---|---|
| 42100005/4-4-2021 | 4500/ |
| 350109999/7-5-2021 | 4500/ |
| 350109999/3-6-2021 | 4500/ |
| 350109999/8-7-2021 | 4500 |
| 350109999/9-8-2021 | 4500/ |
| 350109999/7-9-2021 | 4500/ |
| 350109999/6-10-2021 | 4500/ |
| 350109999/11-11-2021 | 4500/ |

| | |
|---|---|
| 350109999/1-12-2021 | 4500/ |
| 350109999/2-2-2022 | 4500/ |
| 350109999/17-3-2022 | 4500/ |
| 350109999/31-3-2022 | 4500/ |

എന്നാൽ ടിയാൻ ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ തയ്യാറാക്കി സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ചെലവിന് ആധികാരികമായ രേഖകൾ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

1-19 ഡെപ്പോസിറ്റ് വർക്ക്-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ |
|---|---|---|---|
| കെ.എസ്.ഇ.ബി | 89/22 9-ാം വാർഡിൽ വൈദ്യുതി ലൈൻ നീട്ടൽ | 202119178 തീ:30.09.2021 | 89000 |
| കേരളാ ജല അതോറിറ്റി | 90/22 കുഴൽ കിണർ നിർമ്മാണം | 22022367/09.02.2022 | 11010 |
| കേരളാ ജല അതോറിറ്റി | 81/22 കുഴൽ കിണർ നിർമ്മാണം | 2215241/27.01.2022 | 107648 |
| കേരളാ ജല അതോറിറ്റി | 163/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 220229369/09.02.2022 | 753200 |
| കേരളാ ജല അതോറിറ്റി | 189/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1437841/24.03.2022 | 684000 |

1-20 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നം. -എസ് 018/22
ബി.ആർ.എൻ. നം. / തീയതി /തുക – 2300531402/23.10.2021/ ₹150000
അടങ്കൽ തുക – ₹150000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹150000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ) 31.10.2021 ൽ ബിൽ പ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-21 മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

2021 – 22 സാമ്പത്തിക വർഷത്തിൽ അലോപ്പതി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുകകൾ കൈമാറിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | ഫണ്ടിനം | ബില്ല് നമ്പർ/ തീയതി/തുക | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകിയ തുക | കെ.എം.എസ്.സി.എൽ ലഭ്യമാക്കിയ മരുന്നുകൾ (₹) | കെ.എം.എസ്.സി.എൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (17/22) | പൊതു വിഭാഗം - സാധാരണ വിഹിതം<br>അടങ്കൽ: ₹6,25,000/-<br>ചെലവ്: ₹5,56,902/- | 2100152000501326030/ 15.03.2022<br>₹115970/- | 115970 | 89408 | 26562 |
| 2 | പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ (27/22) | സംരക്ഷണ ഫണ്ട് - റോഡിതരം<br>അടങ്കൽ: ₹992005<br>ചെലവ്: ₹100,000/- | 2100152000506970901/ 11.03.2022<br>2021-22<br>തീയതി: 11.03.2021<br>₹100,000/- | 100000 | 62191 | 37809 |
| 3 | പാലിയേറ്റീവ് കെയർ മരുന്ന് വാങ്ങൽ (27/22) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2100152000506970902/ 25.03.2022 ₹6970902/- | 76999 | 47155 | 29844 |
| | | | | | ആകെ | 94215 |

ലഭ്യമാക്കിയ പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാത്തതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ച പദ്ധതികൾ ലക്ഷ്യം കൈവരിച്ചോ എന്ന വിവരം വ്യക്തമായില്ല. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടും യഥാസമയം മരുന്ന് ലഭ്യമാകാത്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് മൂലം ചികിത്സക്ക് ശേഷം ജനങ്ങൾക്ക് മരുന്ന് ലഭ്യമാകാത്ത സാഹചര്യം ഉണ്ടാവുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡി.സി.)/തീയതി. 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19-മായി ബന്ധപ്പെട്ട് പഞ്ചായത്തുതല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും ആളുകളെ നിയമിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2021-2022 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. പഞ്ചായത്ത് തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൾസ് ഓക്സി മീറ്ററുകൾ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമാണ്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. പഞ്ചായത്ത് വക കെട്ടിടത്തിൽ ഒരു ഫസ്റ്റ് ബെൽ പഠനകേന്ദ്രം രൂപീകരിച്ചിട്ടില്ല. കമ്മ്യൂണിറ്റി

കിച്ചൺ ആരംഭിച്ചിട്ടുള്ളതും വാഹന ചെലവ്, കൂലി, പച്ചക്കറികൾ വാങ്ങിയത് എന്നിവയുടെ ചെലവ് യഥാക്രമം ₹24760/-, ₹12000/-, ₹4480/- യാണ്. എഫ്.എൽ.റ്റി.സി.കൾ ആരംഭിച്ചിട്ടില്ല. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി സുഭിക്ഷകേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായ ₹5,00,000/-യിൽ ₹2,71,860/ ട്രഷറി അക്കൗണ്ട് നമ്പർ 799011400005906 ൽ ശേഷിക്കുന്നുണ്ട്. കേരള ഗ്രാമീൺ ബാങ്കിൽ പ്രസിഡന്റ്, ഹെഡ്ക്ലർക്ക് എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിൽ ₹44,953/ ചെലവാകാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ടിൽ നിന്നും ഈ പ്രവർത്തനത്തിന് ₹38,975/ ചെലവഴിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികൾ നിയമ പ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. 2021-22 വർഷവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മുഖേന പഞ്ചായത്ത് സംയോജിതമായ ഇടപെടൽ നടത്തി കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

## 1-23 യാത്രാബത്ത അധികം നല്കി

2019-20 അഖിലേന്ത്യാ സിവിൽ സർവ്വീസ് ടൂർണമെന്റുമായി ബന്ധപ്പെട്ട് കേരള സിവിൽ സർവ്വീസ് ടീം പരിശീലന ക്യാമ്പ്, ദേശീയ കായികമേള എന്നിവയിൽ പങ്കെടുത്തതിന് വൗച്ചർ നമ്പർ 22100467 തീയതി 31-1-2022 പ്രകാരം കുടയത്തൂർ ഗ്രാമപഞ്ചായത്തിലെ ക്ലർക്കായിരുന്ന ശ്രീ. വിജി. പി. ജോസഫ് ₹45540/- കൈപ്പറ്റിയിട്ടുണ്ട്. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 8-1-2014-ലെ സ.ഉ (പി) നം.8/14 നമ്പർ ഉത്തരവ് പ്രകാരം സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഗ്രേഡ് പരിഗണിക്കാതെ ഫസ്റ്റ് ക്ലാസ് യാത്രാ ബത്തയും ദിനബത്തയും ആണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. കായികമേളയ്ക്ക് മുന്നോടിയായി നടന്ന 10 ദിവസത്തെ പരിശീലനവുമായി ബന്ധപ്പെട്ട് 13-1-2020 മുതൽ 24-1-2020 വരെ ടിയാൻ തിരുവനന്തപുരത്ത് താമസിച്ചതിന് മുറിവാടകയിനത്തിൽ ₹10000/- (1000 X 10) കൈപ്പറ്റിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 20-1-2016-ലെ ജി.ഒ.(പി) 7/16 നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിക്കപ്പെട്ട 2014-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക നം.29(9) അനുസരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള യാത്രകളിൽ മാത്രമാണ് മുറിവാടക നൽകാൻ വ്യവസ്ഥയുള്ളത്. ആയതിനാൽ മുറി വാടകയിനത്തിൽ അധികമായി കൈപ്പറ്റിയ ₹10000/- പ്രസ്തുത ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 1-24 അനർഹമായ കാലയളവിൽ ഗുണഭോക്താക്കൾക്ക് പെൻഷൻ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സംബന്ധിച്ച് സേവന പെൻഷൻ സോഫ്റ്റ് വെയറിലും തൻ വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടിലും ലഭ്യമായ വിവരങ്ങൾ ചേർത്ത് പരിശോധിച്ചപ്പോൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | മരണം രജിസ്റ്റർ ചെയ്ത തിയതി/ മരണപ്പെട്ട തിയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ നൽകിയ സ്ഥാപനം | നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സെബാസ്റ്റ്യൻ | Xxxx8284 | 31.05.21/18.05.2021 | 5/21-08/21 | സസ്പെൻഡ് | ക്ഷേമനിധി ബോർഡ് പെൻഷൻ | 6400 |
| 2 | പാത്തുമ്മ | Xxxx0882 | 12.07.21/17.06.21 | 6/21-8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| 3 | അന്നമ്മ ജോസഫ് | Xxxx0070 | 12.07.21/30.05.21 | 5/21-8/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 6400 |
| 4 | കമലമ്മ | Xxxx0298 | 22,07.21/12.05.21 | 5/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 5 | അച്ചാമ്മ സെബാസ്റ്റ്യൻ | Xxxx8332 | 26.08.21/11.08.21 | 3/21-2/22 | സസ്പെൻഡ് | ക്ഷേമനിധി | 19200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | ബോർഡ് പെൻഷൻ | |
| 6 | കരുണാകരൻ നായർ | Xxxx8286 | 31.08.21/31.07.21 | 7/21,8/21 | ആക്ടീവ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 7 | മേരി സെബാസ്റ്റ്യൻ | Xxxx0240 | 15.10.21/14.4.21 | 4/21-6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| 8 | ഐഷ കൊന്താലം | Xxxx0788 | 5.10.1/13.09.21 | 9/21-12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 6400 |
| 9 | മേരിദേവസ്യ | Xxxx0811 | 5.10.21/10.09.21 | 9/21,10/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 10 | കൃഷ്ണൻ ഗോവിന്ദൻ | Xxxx0389 | 12.10.21/16.09.21 | 9/21-12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 6400 |
| 11 | രാഘവൻ പി.കെ | Xxxx0018 | 12.10.21/4.05.21 | 5/21-8/21 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 6400 |
| 12 | പാപ്പ അമ്മ | Xxxx0029 | 12.11.21/31.10.21 | 10/21 | സസ്പെൻഡ് | വാർദ്ധക്യ | 1600 |
| 13 | മീനാക്ഷി നാരായണൻ | Xxxx0221 | 11.1.22/8.12.21 | 12/21,1/22 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3200 |
| 14 | നെല്ലാൻ എണപതി | Xxxx0221 | 9.01.22/16.06.22 | 4/21-6/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4800 |
| | ആകെ | | | | | | 78400 |

പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തത്.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/രജിസ്റ്റർ ചെയ്ത തിയതി | അനർഹമായി തുക നൽകിയ മാസം | സ്റ്റാറ്റസ് | പെൻഷൻ | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ലക്ഷ്മിനാരായണൻ | Xxxx8768 | 28.09.21/6.09.21 | 9/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 2 | സുലേഖ | Xxxx8311 | 28.09.21/19.09.21 | 9/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 3 | ജോസഫ് | Xxxx1257 | 30.09.21/21.09.21 | 9/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 4 | തങ്കപ്പൻ | | 12.07.21/21.05.21 | 5/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 5 | പ്രഭാകരൻ പിള്ള | Xxxx0203 | 23.11.21/07.11.21 | 11/21,12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 6 | സാവിത്രിയമ്മ | Xxxx0575 | 28.12,21/09.12.21 | 12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 7 | ചോതി അയ്യപ്പൻ | Xxxx0626 | 11.01.22/06.12.21 | 12/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| | ആകെ | | | | | | 11200 |

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്തുകഴിഞ്ഞതിനു ശേഷവും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് മാസങ്ങൾക്ക് ശേഷമാണ്. 2019 വർഷം സർക്കാർ നടപ്പാക്കിയ, നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ഏപ്രിൽ 2022 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പെൻഷൻ

നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ/ ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ മരണം കുടയത്തൂർ ഗ്രാമപഞ്ചായത്തിൽ 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളവ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടാതണെന്ന് ഉത്തരവിലെ ഖണ്ഡിക 12 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനു ശേഷം മരണപ്പെട്ടവരുടെ വിവരം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം തുക കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(സാധാ)133/2022/ധന തി.29.07.2022 പ്രകാരം വിതരണം ചെയ്യാത്ത പെൻഷൻ തുക തിരികെ അടവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ക്ഷേമപെൻഷനുകൾ അനർഹർക്ക് നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/.2022) നൽകിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ പെൻഷൻ തിരികെ ഈടാക്കുന്നതിനും മരണം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കുന്നതാണെന്നും പെൻഷൻ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സഹകരണ ബാങ്കുകളിൽ നിന്നും രേഖാമൂലം റിപ്പോർട്ട് വാങ്ങുന്നതാണെന്നും പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ ഒഴിവാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ ₹89600/- ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന തി.17.08.2017, സ.ഉ(സാധാ)133/2022/ധന തി.29.07.2022 ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

**1-25 ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിച്ച ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.**

2021-22 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പദ്ധതികളിൽ 57 പദ്ധതികൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ആയതിന്റെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള ₹81628/- ഇടുക്കി ഇല്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൌണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2021-2022 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | മുട്ടക്കോഴി വിതരണം (ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2021-22 | 1,99,200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം (21/21) | 1,99,200 | 0 |
| ജില്ലാ പഞ്ചായത്ത് ഇടുക്കി | 2021-22 | 905472 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (29/22) | 905472 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2021-22 | 76999 | പാലിയേറ്റിവ് കെയർ (27/22) | 76999 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2021-22 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം (8/22) | 1,50,000 | 0 |
| ജില്ല പഞ്ചായത്ത് ഇടുക്കി | 2021-22 | 146000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം (8/22) | 146000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി | 2021-22 | 280000 | ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി (എസ്.സി.പി) (31/22) | 280000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 89/22 9-ാം വാർഡിൽ വൈദ്യുതി ലൈൻ നീട്ടൽ | 202119178 തീ:30.09.2021 | 89000 | 0 | 89000 |
| കേരളാ ജല അതോറിറ്റി | 90/22 കുഴൽ കിണർ നിർമ്മാണം | 22022367/ 09.02.2022 | 11010 | | 11010 |
| കേരളാ ജല അതോറിറ്റി | 81/22കുഴൽ കിണർ നിർമ്മാണം | 2215241/ 27.01.2022 | 107648 | | 107648 |
| കേരളാ ജല അതോറിറ്റി | 163/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 220229369/ 09.02.2022 | 753200 | 0 | 753200 |
| കേരളാ ജല അതോറിറ്റി | 189/22 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1437841/ 24.03.2022 | 684000 | - | 684000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 357647/ഡി.വി /ത.സ്വ.ഭ.വ 1/15/14.01.2016 | 5200000 | 2570414 | 500000 | 250000 | 2070414 |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ തുക | ജി.ഒ(എം.എസ്) ത.സ്വ.ഭ.വ 111/2018 13.08.2018 | 21920000 | 18417333 | 1833333 | 0 | 16584000 |

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 1999-2000 | 2002-03 | VII-6-4 | തൊഴിലില്ലായ്മ വേതനം പിൻവലിച്ചത് - ₹11,800/- | തുടരുന്നു |
| 2 | 2000-01 | 2003-04 | 31 | ഹാൾ നിർമ്മാണത്തിന് അധിക തുക നൽകി | തുടരുന്നു |
| 3 | 2000-01 | 2003-04 | 3-7 | വാട്ടർ അതോറിറ്റി-നിക്ഷേപ പ്രോജക്ട് പൂർത്തീകരിച്ചില്ല | |
| 4 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-8 | ലഘു അവലോകനം- തുടർ സാക്ഷരത | തുടരുന്നു |
| 5 | പ്രത്യേക റിപ്പോർട്ട് | 2012-13 | 2-4 | ലഘു അവലോകനം-ഫ്രണ്ട് ഓഫീസ് സംവിധാനം | തുടരുന്നു |
| 6 | 2014-15 | 2015-16 | 2-1 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 7 | 2019-20 | 2020-21 | 67 അദ്ധ്യായം -2 അനുബന്ധം -2 ക്രമ നം. 8 | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | തുടരുന്നു |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യു റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവ ശേഷി ക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 1997-98 | 21 (1) | ശ്രീ.എ. സൈനുദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.7.2001 | 383 | | | | | | 383 | |

(ബി) സർചാർജ് വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യു റിക്കവറി നടപടിയി ലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങൾ | | ആകെ ലഭിച്ച തുക | അവ ശേഷി ക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 1997-98 | 22 | ശ്രീ. എ. സൈനലബ്ദ്ദീൻ, | എൽ.എഫ്.6421/ എസ്.സി.2/01 | 50 | | 50 | | | 50 | - | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | തീയതി 23.07.2001 | | | | | | | | |
| 2 | 1997-98 | 23(1) | ശ്രീമതി. ജാനമ്മ ശിവരാമൻ സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 105 | | 105 | | | 105 | | |
| 3 | 1997-98 | 23(2) | ശ്രീ. എ. സൈനലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 216 | | | | | 216 | | |
| 4 | 1997-98 | 24 | ശ്രീ എ. സൈനലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 100 | | | | | 100 | | |
| 5 | 1997-98 | 27 | ശ്രീ എ. സൈനലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 798 | | | | | 798 | | |
| 6 | 1997-98 | 28 | ശ്രീ എ. സൈനലബ്ദ്ദീൻ, സെക്രട്ടറി | എൽ.എഫ്.6421/ എസ്.സി.2/01 തീയതി 23.07.2001 | 40 | | | | | 40 | | |
| 7 | 1999-00 | 25 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 13720 | | | | | 13720 | | |
| 8 | 1999-00 | 27 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 13720 | | | | | 13720 | | |
| 9 | 1999-00 | 28 | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 4985 | | | | | 4985 | | |
| 10 | 1999-00 | 29(a) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 3000 | | | | | 3000 | | |
| 11 | 1999-00 | 29(b) | ശ്രീ. റ്റി കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 8540 | | | | | 8540 | | |
| 12 | 1999-00 | 31 | ശ്രീ. റ്റി.കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 5000 | | | | | 5000 | | |
| 13 | 1999-00 | 36 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 8366 | | | | | 8366 | | |
| 14 | 1999-00 | 38 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.8500/ എസ്.സി.2/03 തീയതി 10.7.2003 | 11800 | | | | | 11800 | | |
| 15 | 2000-01 | 31 | ശ്രീ. റ്റി. കെ. ഹരിലാൽ, സെക്രട്ടറി | എൽ.എഫ്.9479/05 തീയതി 4.4.2006 | 68962 | | | | | 68962 | | |
| 16 | 2000-01 | 32 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.9479/05 തീയതി 26.8.2006 | 17431 | | | | | 17431 | | |
| 17 | 2002-03 | 2-3 | ജി. ഗോപാലകൃഷ്ണൻ നായർ, സെക്രട്ടറി | എൽ.എഫ്.22205/ സ്പെ.സെൽ. എസ്.സി.2/ 2005 തീയതി 10.10.2006 | 7575 | | | | | 7575 | | |
| 18 | 2004-05 | 3-6, 3-7 | റ്റി ഐ കൃഷ്ണൻ, എ. ഇ | എൽ.എഫ്.20493/ സ്പെ.സെൽ എസ്.സി.2/2007 തീയതി 10.12.2009 | 7600 | | | | | 7600 | | |
| 19 | 2004-05 | 3-7, 3-8 | എൽസി തോമസ്, എ.ഇ | എൽ.എഫ്.20498/ സ്പെ.സെൽ. എസ്.സി.2/ 2007 തീയതി 2.11.2009 | 5684 | | | | | 5684 | | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 8756458 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48808771 |
| ആകെ | : | 57565229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 47495847 |
| നീക്കിയിരിപ്പ് | | 10069382 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 465846 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 115773 | ശ്രീമതി. സുശീല കെ.എൻ, സെക്രട്ടറി |
| | 154823 | ശ്രീ. ബിജോ പി. ഐസക്ക്, സെക്രട്ടറി |
| | 39050 | ശ്രീമതി. യമുന പി. നായർ, സെക്രട്ടറി |
| | 117150 | ശ്രീമതി. പ്രിയ കെ. എസ്., സെക്രട്ടറി |
| | 39050 | ശ്രീ. കെ.ജെ. കൃഷ്ണകുമാർ, സെക്രട്ടറി |
| ആകെ | 465846 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സുശീല കെ.എൻ., സെക്രട്ടറി | സെക്രട്ടറി, മണക്കാട് ഗ്രാമപഞ്ചായത്ത് | ശ്രീലകം, അറക്കുളം പി.ഒ |
| ശ്രീ. ബിജോ പി. ഐസക്ക്, സെക്രട്ടറി | സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | പാണ്ടിക്കുന്നേൽ, നെടുംകുന്നം പി.ഒ |
| ശ്രീമതി. യമുന പി. നായർ, സെക്രട്ടറി | ജെ.എസ്, പോർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, തൊടുപുഴ | പുളിക്കൽ, തൊടുപുഴ |
| ശ്രീമതി. പ്രിയ കെ.എസ്., സെക്രട്ടറി | ജെ.എസ്, കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് | T./19/1412(7) ഗൌരികൃപ, SCTRA-106, ചന്ദ്രഗാർഡൻസ്, |

| | | |
|---|---|---|
| | | പൂജപ്പുര |
| ശ്രീ. കെ.ജെ. കൃഷ്ണകുമാർ, സെക്രട്ടറി | എച്ച്.സി കടയത്തൂർഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം, ഐതോട്ടുവ, വെസ്റ്റ് കല്ലട |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ.6/ 247/98/5.10.98 | 22 | 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 |
| 1996-1997 | എൽ.എഫ്.ഐ.7/ 529/99/3.03.2000 | 8 | 28,30,32,34,35,36,37,38 |
| 1997-1998 | എൽ.എഫ്.ഐ. 7/ 71/2001/30.01.2001 | 14 | 12, 13, 14, 21(1), 21(2), 22, 23(1), 23(2), 24, 25, 26, 27, 28, 30(1) |
| 1998-1999 | എൽ.എഫ്.ഐ. 7/ 215/2000/1.8.2000 | 27 | 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 6, 17, 18, 19, 20, 21, 22, 23, 24, 25, 26, 27 |
| 1999-2000 | എൽ.എഫ്.ഐ.7/ 241/2003/29.03.03 | 23 | 9, 13, 14, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38 |
| 2000-2001 | എൽ.എഫ്.ഐ.7/ 734/02/22.04.2005 | 22 | 10, 11, 14, 15, 16, 19, 20, 21, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35 |
| 2001-2002 | എൽ.എഫ്.ഐ.7/ 141/04/23.09.05 | 10 | 1, 2, 3, 4, 5, 6, 7, 8, 9, 10 |
| 2002-2003 | എൽ.എഫ്.ഐ.7/ 348/2005/01.12.05 | 6 | 2-1, 2-2, 2-3, 3-2, 3-3, 4-9 |
| 2003-2004 | എൽ.എഫ്.ഐ.8/ 113/08/26.04.08 | 9 | 2-1, 2-3, 2-4, 3-1, 3-2, 3-3, 3-5, 3-6, 3-7 |
| 2004-2005 | എൽ.എഫ്.ഐ.8/ 524/2007/26.06.2008 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2005-2006 | എൽ.എഫ്.ഐ.8 80/2009/22.04.09 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2007-2008 | എൽ.എഫ്.ഐ.10 398/12/22.06.12 | 1 | 3-10 |
| 2010-11& 2011-2012 | കെ.എസ്.എ.ഐഡി.കെ.10/ 1106/13/06.06.14 | 1 | 3-7 |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ.10/ | 1 | 3-13 |

| | | | |
|---|---|---|---|
| | 461/18/25.04.18 | | |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 990/17/28.09.17 | 2 | 3-1, 3-11 |
| 2017-2018 | കെ.എസ്.എ-ഐ.ഡി.കെ- 10/1334/ 2018/20.12.18 | 5 | 2-1, 2-2,<br>3-1, 3-2, 3-3 |
| 2018-2019 | കെ.എസ്.എ-ഐ.ഡി.കെ- 6/590/2019/04.09.2021 | 2 | 2-3,3-5 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-10/534 /21/30.06.2021 | 12 | 1-9, 1-14, 1-15, 1-16, 1-18, 1-19, 1-23, 1-25, 1-27, 2-1, 4-8, 4-9 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-10/1053 /22/30.07.2022 | 13 | 1-9 മുതൽ 1-21 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കുടയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്